**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4174** **18-07-2022 - ൽ മറുപടിയ്ക്ക്**

**ഇൻഫോർമർ സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇൻഫോർമർ സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; | (എ) | ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട സംസ്ഥാനത്തു ഇൻഫോർമർ റിവാർഡ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. 23/09/2020 ലെ സർക്കാർ ഉത്തരവ് G.O(Ms) 76/2020/TAXES പ്രകാരം ഇതിനു അനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര പരോക്ഷ നികുതി വകുപ്പ് നേരത്തെ തന്നെ ഇതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. നികുതി വെട്ടിപ്പിനെ കുറിച്ചുള്ള വിവരം ലഭ്യമാക്കുന്നത് അത് തടയുന്നതിനും അതിലൂടെ സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും വളരെയധികം സഹായകമാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതി വകുപ്പ് പൂർണ്ണമായും ജി.എസ്.ടി. യ്ക്ക് വേണ്ടി പുന: സംഘടിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദമാക്കാമോ? | (ബി) | ജി.എസ്.ടി നിയമത്തിനനുസൃതമായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ